(ബി) വിദ്യാഭ്യാസ വകുപ്പ് അഡോപ്റ്റഡ് സ്കൂളായി പരിഗണിച്ചിട്ടുള്ള ഈ സ്കൂളിൽ ഹൈസ്കൂൾ, യു. പി. വിഭാഗത്തിൽ പല തസ്തികകളിലും താൽക്കാലിക അദ്ധ്യാപകരാണ് സേവനം അനുഷ്ഠിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഹൈസ്കൂൾ വിഭാത്തിൽ ഇംഗ്ലീഷ്, അറബി, സംസ്കൃതം എന്നീ വിഭാഗങ്ങളിൽ അടിയന്തിരമായി അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അഡോപ്റ്റഡ് സ്കൂളായ ഈ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) രണ്ട് ഇംഗ്ലീഷ് അദ്ധ്യാപകർ ജോലി ചെയ്തിരുന്നതിൽനിന്നും ഒരു അദ്ധ്യാപിക ട്രാൻസ്ഫറായിപ്പോയ തസ്തിക, ഈ വർഷം നിലനിൽക്കുവാൻ സാദ്ധ്യതയില്ലാത്തതിനാൽ ആ ഒഴിവിലേയ്ക്ക് ഇംഗ്ലീഷ് അദ്ധ്യാപകനെ നിയമിച്ചിട്ടില്ല. പി.എസ്.സി.യിൽനിന്നും ലിസ്റ്റ് ലഭിച്ചതനുസരിച്ച് സംസ്കൃതം അദ്ധ്യാപകനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അറബി വിഭാഗത്തിൽ തസ്തിക നഷ്ടപ്പെട്ട് പുറത്തുനിൽക്കുന്ന അദ്ധ്യാപകനെ നിയമിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ മലയാളം തസ്തികയ്ക്ക് അംഗീകാരം

104 (3858) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിൽ 2005 മുതലുള്ള ജൂനിയർ മലയാളം തസ്തികയ്ക്ക് സർക്കാർ അംഗീകാരം നൽകുന്നതിന് കാലതാമസം നേരിട്ടതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) നടപടികൾ പൂർത്തിയാക്കി ഈ തസ്തികയ്ക്ക് അംഗീകാരം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഹയർ സെക്കണ്ടറി ഡയറക്ടറിൽനിന്ന് ഇതുസംബന്ധിച്ച ശുപാർശ സർക്കാരിൽ ലഭിച്ചിരുന്നില്ല. പ്രസ്തുത തസ്തികയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly